പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4301 | 24.06.2019 ൽ മറുപടിയ്ക്ക്

## താഴേക്കോട് ഐ.ടി.ഐ. യുടെ കെട്ടിടനിർമ്മാണം

*ചോദ്യം*

ശ്രീ.മഞ്ഞളാംകുഴി അലി :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ താഴേക്കോട് സർക്കാർ ഐ.ടി.ഐ.യുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | | (എ) ഐ.ടി.ഐ സ്ഥാപിക്കാനാവശ്യമായ സ്ഥലം നാളിതുവരെയും താഴേക്കോട് ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| **(ബി)** ഈ വിഷയവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>**(സി)** പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | **(ബി) യും (സി) യും** ഐ.ടി.ഐ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന് താഴേക്കോട് ഗ്രാമപഞ്ചായത്തിനോട് വ്യവസായിക പരിശീലന വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.<br>ഈ വിഷയത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം 12.06.2019 ൽ ചേരുകയുണ്ടായി .<br>താഴേക്കോട് ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ അരക്കുപറമ്പ് വില്ലേജിൽ ഒരേക്കർ ഏഴ് സെന്റ് സ്ഥലം പഞ്ചായത്ത് കണ്ടെത്തുകയും ടി സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കുന്നതിന്റെ അനുമതിയ്ക്കായി പഞ്ചായത്ത് ഡയറക്ടർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് 17.05.2019 ൽ കത്ത് അയയ്ക്കുകയും ചെയ്തതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ